**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **03-02-2026 - ൽ മറുപടിയ്ക്ക്**

**തിരുവല്ല മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല മണ്ഡലത്തിലെ ഉപദേശി കടവ്, കോമളം, ശ്രീവല്ലഭ തെക്കേനട, പുല്ലംപ്ലാവിൽ, കോതേക്കാട്ട് പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് ജോലികൾ ഏതുഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ? | (എ) | <u>തിരുവല്ല മണ്ഡലത്തിലെ ഉപദേശിക്കടവ് പാലം</u><br><br>ഉപദേശിക്കടവ് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി വിശദവിലനിർണ്ണയ പത്രിക (ഡി.വി.എസ്.) തയ്യാറാക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഡി.വി.എസ്. പൂർത്തിയാക്കി അർത്ഥനാധികാരി നഷ്ടപരിഹാരതുക ലഭ്യമാക്കുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.<br><br><u>കോമളം പാലം</u><br><br>കോമളം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ പത്തനംതിട്ട ജില്ലാ കളക്ടറുടെ കാര്യാലയം മുഖേന സ്വീകരിച്ചു വരുന്നു.<br><br><u>ശ്രീവല്ലഭ ക്ഷേത്രം തെക്കേനട പാലം, കോതേക്കാട് പാലം</u><br><br>ശ്രീവല്ലഭ ക്ഷേത്രം തെക്കേനട പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും, കോതേക്കാട് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ.) തയ്യാറാക്കൽ നടപടികൾ നടന്നു വരുന്നു.<br><br><u>പുല്ലംപ്ളാവിൽ കടവ് പാലം</u><br><br>പുല്ലംപ്ളാവിൽ കടവ് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 4(1) |

| | | | |
|---|---|---|---|
| | | | വിജ്ഞാപനത്തിനായുള്ള സർവ്വെ നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br><br>RFCTLARR Act 2013-ലെ ശേഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് മേൽ പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ